**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5645** **13-08-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നഗരത്തിലെ ജെ.ബി.ഐ.സി. കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിലെ ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് നഗരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയാണ് ജൈക്ക സഹായത്തോടു കൂടി നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഇൻടേക്ക് വെൽ, ജല ശുദ്ധീകരണ ശാല, വിവിധ ട്രാൻസ്മിഷൻ മെയിനുകൾ, വിവിധ ജല സംഭരണികൾ എന്നിവ പൂർത്തീകരിച്ച് 2015 ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. കോഴിക്കോട് കോർപ്പറേഷനിലെ നിലവിലുണ്ടായിരുന്ന ജല വിതരണ ശൃംഖലകളിൽ ജല വിതരണം നടത്തിയാണ് ഭാഗികമായി കമ്മീഷൻ ചെയ്തത്. ഈ പദ്ധതിക്ക് കീഴിൽ 1853.53 കി.മീ. വിതരണ ശൃംഖലയാണ് സ്ഥാപിക്കേണ്ടിയിരുന്നത്. അതിൽ 1513.92 കി.മീ. വിതരണ ശൃംഖല സ്ഥാപിച്ചു കഴിഞ്ഞു. കോഴിക്കോട് നഗര പരിധിയിൽ 605.30 കി.മീ. വിതരണ ശൃംഖലയാണ് സ്ഥാപിക്കേണ്ടത്. അതിൽ 449.69 കി.മീ. വിതരണ ശൃംഖല സ്ഥാപിച്ചു കഴിഞ്ഞു. വിതരണ ശൃംഖല സ്ഥാപിക്കേണ്ട കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 31/03/2020 ന് പ്രവൃത്തിയുടെ കരാർ റദ്ദാക്കുകയുണ്ടായി. |
| (ബി) | നിലവിൽ വിതരണ മേഖലയിലേക്ക് പൂർണ്ണമായി പ്രസ്തുത പദ്ധതി വഴിയുള്ള ജലവിതരണം കണക്ട് ചെയ്ത് കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഇല്ല. നഗരപരിധിയിലെ എലത്തൂർ മേഖലയിൽ സ്ഥാപിച്ച വിതരണ ശൃംഖല വഴി ജലവിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. എലത്തൂർ മേഖലയിലേക്കു ജലവിതരണം നടക്കേണ്ടുന്ന തലക്കുളത്തൂർ സ്റ്റീഫൻ കുന്ന് ടാങ്കിൽ നിന്നുള്ള പ്രധാന ജലവിതരണ കുഴൽ സ്ഥാപിക്കുന്നത് തടസ്സപ്പെട്ടിരിക്കുകയാണ്. സ്വകാര്യ വ്യക്തിയുമായുള്ള തർക്കം കാരണം പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് കോടതി തടഞ്ഞതിനാൽ പ്രസ്തുത ടാങ്കിൽ നിന്ന് എലത്തൂർ മേഖലയിലേക്ക് ജലവിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത തടസ്സം നീക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഗ്രാമീണ മേഖലകളിൽ ബാക്കിയുള്ള വിതരണ ശൃംഖല ജലജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാനുള്ള നടപടികൾ നടന്നു വരുന്നു. ഇത് 2022 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. കോഴിക്കോട് അർബൻ പ്രദേശത്തെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ അർബൻ ജല ജീവൻ മിഷൻ പ്രാവർത്തികമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ